പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2775 — 21.6.2012 ൽ മറുപടിയ്ക്ക്

## രജിസ്ട്രേഷൻ ഫീസ് നിരക്കിലെ ഇളവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.റ്റി.ബൽറാം :<br>ശ്രീ.സണ്ണി ജോസഫ് :<br>ശ്രീ.ഹൈബി ഈഡൻ :<br>ശ്രീ.റ്റി.എൻ.പ്രതാപൻ : | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>ഉപഭോക്തൃ സംരക്ഷണവും<br>രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസ് നിരക്കിൽ എന്തെല്ലാം ഇളവുകളാണ് വരുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ; | (എ) 03-11-2010 ലെ ജി.ഒ.(പി) നമ്പർ.254/2010/റ്റി.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രങ്ങൾ, ഒഴിവുമുറികൾ എന്നീ ആധാരങ്ങൾക്ക് ഈടാക്കേണ്ട രജിസ്ട്രേഷൻ ഫീസ്, 2% - ത്തിൽ നിന്ന് 1% - മായി കുറച്ചിട്ടുണ്ടായിരുന്നു. ഈ സർക്കാർ അധികാരമേറ്റശേഷം, 18-04-2012 ലെ, ജി.ഒ. (പി) ...73/2012/റ്റി.ഡി. നംപർ സർക്കാർ ഉത്തരവ് പ്രകാരം, രജിസ്ട്രേഷൻ ഫീസ് പട്ടികയിൽ വരുത്തിയ ഭേദഗതി അനുസരിച്ച്, കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രങ്ങൾ, ഒഴിവുകുറികൾ എന്നിവയ്ക്ക് സമാനമായി, കുടുംബാംഗങ്ങൾക്കിടയിലുള്ള ദാനാധാരങ്ങൾ, ധനനിശ്ചയാധാരങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ ഫീസും 1% ആയി ഏകീകരിക്കുകയുണ്ടായി. കൂടാതെ, കുടുംബാംഗങ്ങളുടെ പേരിലല്ലാതെ, സ്ഥാവര വസ്തുക്കളുടെ വിൽപനയ്ക്കായി ചമയ്ക്കുന്ന മുക്ത്യാറുകൾക്ക്, അതിന് ഈടാക്കിയ സ്റ്റാമ്പ് ഡ്യൂട്ടിയുടെ 2 ശതമാനം നിരക്കിൽ ഫീസ് ഈടാക്കുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

(ബി) പ്രസ്തുത ഇളവുകൾ ഏതെല്ലാം വിഭാഗക്കാർക്കാണ് നൽകിയത് ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ദാനാധാരങ്ങൾ, ധനനിശ്ചയാധാരങ്ങൾ എന്നിവയുടെ കാര്യത്തിൽ, അച്ഛൻ, അമ്മ, മുത്തച്ഛൻ, മുത്തശ്ശി, ഭർത്താവ്, ഭാര്യ, മകൻ, മകൾ, സഹോദരൻ, സഹോദരി, ചെറുമക്കൾ എന്നിവരെ, കുടുംബത്തിന്റെ നിർവചനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഭാഗപത്രങ്ങൾ, ഒഴിവുമുറികൾ എന്നിവയുടെ കാര്യത്തിൽ, മേൽ പറഞ്ഞിട്ടുള്ളത് കൂടാതെ, മരിച്ചു പോയ മക്കളുടെ നിയമാനുസൃത അവകാശികളേയും കുടുംബ നിർവചനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മുക്ത്യാറുകളുടെ കാര്യത്തിൽ, അച്ഛൻ, അമ്മ, ഭാര്യ, ഭർത്താവ്, മകൻ, മകൾ, സഹോദരൻ, സഹോദരി എന്നിവരെയാണ് കുടുംബ നിർവചനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) ഇളവുകൾ നൽകിയ വിഭാഗക്കാർക്ക് രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ എന്തെല്ലാം ആശ്വാസങ്ങൾ നൽകുകയുണ്ടായെന്നറിയിക്കുമോ ?

(സി) 'ഉത്തരം എ ' യിലേതു പോലെ.

സെക്ഷൻ ഓഫീസർ